=

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ഗോവിന്ദാപുരം എം പുതൂർ എം.ജി.എൽ.പി. സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പുന:പരിശോധനാ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2428/2023/GEDN തീയതി, തിരുവനന്തപുരം, 15-04-2023

പരാമർശം:- പാലക്കാട് ഗോവിന്ദാപുരം എം. പുതൂർ, എം.ജി.എൽ.പി. സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 03/02/2023 തീയതിയിലെ പുന:പരിശോധനാ ഹർജി.

ഉത്തരവ്

പാലക്കാട് ഗോവിന്ദാപുരം എം.പുതൂർ എം.ജി.എൽ.പി. സ്കൂളിലെ പ്രഥമാദ്ധ്യാപിക ശ്രീമതി. ടി.എസ്സ്. സജിയെ സ്കൂൾ മാനേജർ 18/01/2023 തീയതിയിലെ AD-01/2023 ഉത്തരവ് പ്രകാരം 18/01/2023 മുതൽ 15 ദിവസത്തേയ്ക്ക് വേലവിലക്കിൽ നിർത്തുകയും, അത് ദീർഘിപ്പിക്കുന്നതിനായി കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുൻപാകെ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. അത് പരിശോധിച്ച് അന്വേഷണം നടത്തിയ കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 30/01/2023 തീയതിയിലെ എഫ്/163/2023 നമ്പർ ഉത്തരവ് പ്രകാരം ടി അപേക്ഷ നിരസിച്ചു. അതിനെതിരെ സ്കൂൾ മാനേജർ പരാമർശം പ്രകാരം സർക്കാരിൽ പുന:പരിശോധനാ ഹർജി സമർപ്പിച്ചിരുന്നു.

2. ടി പുന:പരിശോധനാ ഹർജി പരിശോധിച്ചതിൽ, ശ്രീമതി. ടി.എസ്സ്. സജിയെ 18/01/2023 മുതൽ 15 ദിവസത്തേയ്ക്ക് വേലവിലക്കിൽ നിർത്തുന്നതിന് സ്കൂൾ മാനേജർ ആധാരമാക്കിയ കുറ്റങ്ങൾ നിലനിൽക്കുന്നതല്ല എന്നും, ടി സ്കൂളിലെ അദ്ധ്യാപികയായ ശ്രീമതി. ഗീത ബി.ക്ക് പ്രഥമാദ്ധ്യാപിക എന്ന നിലയിലുള്ള അധികാര പരിധിക്കുള്ളിൽ നിന്ന് മാത്രമാണ് ശ്രീമതി. ടി.എസ്സ്. സജി അവധി അനുവദിച്ചിട്ടുള്ളതെന്നും, പകരം അദ്ധ്യാപികയെ ചുമതലപ്പെടുത്താൻ ടി അവധി അനുവദിച്ച വിവരം യഥാവിധി ശ്രീമതി. ടി.എസ്സ്. സജി മാനേജരെ അറിയിച്ചിട്ടുണ്ടെന്നും കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തുകയും, അതിനാൽ തന്നെ ശ്രീമതി. ടി.എസ്സ്. സജിയെ വേലവിലക്കിൽ നിർത്തിയ 18/01/2023 മുതൽ തന്നെ ടിയാളെ തിരിച്ചെടുക്കാൻ മാനേജർക്ക് നിർദ്ദേശം നൽകി 30/01/2023 തീയതിൽ എഫ്/163/2023 നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവിനെതിരെയാണ് ടി സ്കൂൾ മാനേജർ പരാമശം പുന:പരിശോധനാ ഹർജി

സമർപ്പിച്ചിട്ടുള്ളത്.

3.ടി സ്കൂളിലെ അദ്ധ്യാപികയായ ശ്രീമതി. ഗീത ബി.ക്ക് പ്രഥമാദ്ധ്യാപിക എന്ന നിലയിലുള്ള അധികാര പരിധിക്കുള്ളിൽ നിന്ന് മാത്രമാണ് ശ്രീമതി. ടി.എസ്സ്. സജി അവധി അനുവദിച്ചിട്ടുള്ളതെന്നും, പകരം അദ്ധ്യാപികയെ ചുമതലപ്പെടുത്താൻ ടി അവധി അനുവദിച്ച വിവരം യഥാവിധി ശ്രീമതി. ടി.എസ്സ്. സജി മാനേജരെ അറിയിച്ചിട്ടുണ്ടെന്നും, അതിനാൽ തന്നെ ശ്രീമതി. ടി.എസ്സ്. സജിയെ 18/01/2023 മുതൽ 15 ദിവസത്തേയ്ക്ക് വേലവിലക്കിൽ നിർത്തുന്നതിന് സ്കൂൾ മാനേജർ ആധാരമാക്കിയ കുറ്റങ്ങൾ നിലനിൽക്കുന്നതല്ല എന്നും കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ, സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പുന:പരിശോധനാ ഹർജി പരിഗണന അർഹിക്കാത്തതിനാൽ അത് നിരസിച്ച് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലങ്കോട്, പാലക്കാട് ജില്ല.
മാനേജർ, എം ജി എൽ പി സ്കൂൾ, എം പുതൂർ, ഗോവിന്ദാപുരം, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ, ആഡിറ്റ്),
തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്സ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്സ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Shahna Kumari S L
Date: 17-04-2023 11:01:55 അഡിഷണൽ സെക്രട്ടറി